## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1160

12/03/2015 ൽ മറുപടിയ്ക്ക്

**ചാത്തമംഗലം ഈഗ്ൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം**

| ചോദ്യം<br>ശ്രീ.പി.ടി.എ.റഹീം | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| --- | --- |
| കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഈഗ്ൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിന് അർഹതപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ലിസ്റ്റിന്റെ കോപ്പി ലഭ്യമാക്കുമോ? | ഈഗ്ൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 64 പേരെ നേരത്തെ വിചാരണ ചെയ്തതിൽ അർഹരെന്ന് കണ്ടെത്തിയവർക്കും വിചാരണയ്ക്ക് ഹാജരാകാത്ത, എന്നാൽ ലഭ്യമായ രേഖയുടെ അടിസ്ഥാനത്തിൽ അർഹരാകാൻ സാദ്ധ്യതയുള്ള 3 പേരുമുൾപ്പെടെ 67 പേർക്ക് മുൻഗണന നൽകി പട്ടയം നൽകുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 67 പേരുടെയും അപേക്ഷ സാധുവാണെന്ന് കണ്ടെത്തുന്ന മുറയ്ക്ക് പട്ടയം നൽകാനും അർഹരല്ലാത്തവരുണ്ടെങ്കിൽ അവരെ ഒഴിവാക്കി മറ്റ് അപേക്ഷകരിൽ നിന്നും അർഹരെ കണ്ടെത്തി പട്ടയം നൽകാനും തീരുമാനിച്ചിട്ടുണ്ട്. അർഹതപ്പെട്ടവരുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ